റബ്ബർ പ്ലാന്റേഷനു് അനുവദിച്ച സ്ഥലം

*798. (30) ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ പ്ലാന്റേഷനു് ഇപ്പോഴും സർക്കാർവക സ്ഥലം അനുവദിച്ചു കൊടുക്കുന്നില്ലേ ;

(ബി) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി എത്ര പേർക്കു് ആകെ എത്ര ഏക്കർ സ്ഥലം റബ്ബർ കൃഷിക്കായി പതിച്ചുകൊടുത്തു ;

(സി) ഇവർക്കു് ആകെ ലോണായും ഗ്രാന്റായും കൊടുത്ത തുക എത്ര ;

(ഡി) തിരഞ്ഞെടുക്കപ്പെട്ടവരിൽ ആരെങ്കിലും ഇനി സ്ഥലം പതിച്ചു കൊടുക്കാനുണ്ടോ ;

(ഈ) സ്ഥലത്തിനപേക്ഷിച്ചവരിൽ എത്രപേർക്കു് സ്ഥലം കൊടുക്കാൻ കഴിയാതിരുന്നിട്ടുണ്ടു് ;

(എഫു്) ഈ സ്ഥിതിപ്രകാരം ഇനിയും സ്ഥലം കൊടുക്കുന്നില്ലേ ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) ഇല്ല.

(ബി) ഈ ഗവണ്മെന്റു അധികാരത്തിൽ വന്നതിനുശേഷം, 1850 പേർക്കായി, 6475 ഏക്കർ സ്ഥലം റബ്ബർ കൃഷിക്കായി പതിച്ചുകൊടുത്തിട്ടുണ്ടു്.

(സി) അവർക്കു് ലോണായി, 26,24,718·46 രൂ. കൊടുത്തിട്ടുണ്ടു്. ഗ്രാന്റായി ഒന്നും കൊടുത്തിട്ടില്ല.

(ഡി) തിരഞ്ഞെടുക്കപ്പെട്ടവരിൽ, തക്കസമയത്തു ഹാജരാകാതിരുന്ന മൂന്നുപേർക്കു സ്ഥലം പതിച്ചുകൊടുത്തിട്ടില്ല.

(ഈ) ഒട്ടാകെ 59584 അപേക്ഷകരും കിട്ടിയതിൽ, 1850 പേർക്കു മാത്രമേ സ്ഥലം കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ.

(എഫു്) തൽക്കാലം ഇല്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : പുതുങ്ങിയതു എത്ര തൈകൾ വച്ചു് പിടിപ്പിക്കണമെന്നാണു് വ്യവസ്ഥ ?

ശ്രീ. ഈ. പി. പൗലോസു് : മൂന്നര ഏക്കറിൽ 600 തൈകൾ വച്ചുപിടിപ്പിക്കണമെന്നാണു് വ്യവസ്ഥ. ചെടികൾ ചിലതു കേടുവന്നു പോയാലും 450 തൈകളെങ്കിലും ഉണ്ടായിരിക്കണം. അങ്ങനെയുള്ളവർക്കു ലോൺ കൊടുക്കുന്നുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു് 600 അല്ലെങ്കിൽ 450 തൈകൾ എങ്കിലും വച്ചുപിടിപ്പിച്ചാൽ ലോൺ കൊടുക്കാൻ നിബന്ധനയുണ്ടെന്നാണു്. അങ്ങനെ തൈകൾ വച്ചുപിടിപ്പിക്കാൻ പാറകൾ കൊണ്ടു് നിവൃത്തിയില്ല. പാറയ്ക്കു് പകരം നല്ല ഭൂമി കൊടുത്തിട്ടുമില്ല. ലോൺ കിട്ടാൻവേണ്ടി, പാറപ്പുറത്തു റബ്ബർ തൈകൾ വളരണമെന്നു പറഞ്ഞാൽ സാദ്ധ്യമല്ല. ആ പരിതഃസ്ഥിതിയിൽ പലർക്കും ലോൺ കിട്ടാതെ വരുന്നുണ്ടു്. ഈ കുഴപ്പം എങ്ങനെയാണു് പരിഹരിക്കുക ?

ശ്രീ. ഈ. പി. പൗലോസു്: അങ്ങനെ തൈകൾ വയ്ക്കാൻ തീരെ നിവൃത്തിയില്ലാത്ത സ്ഥലം തിരിയെ ഏല്പിച്ചാൽ മതി. വ്യവസ്ഥകൾക്കു വിധേയമായി ആദ്യം സ്ഥലം വാങ്ങിക്കഴിഞ്ഞിട്ടു്, ആ സ്ഥലം മോശമാണു് എന്നു പറഞ്ഞാൽ, ഓരോരുത്തർക്കും 5-ഉം 10-ഉം സെന്റു സ്ഥലം കൊടുക്കാൻ പ്രയാസമാണു്. ആവശ്യമില്ലാത്തവർ സ്ഥലം സറണ്ടർ ചെയ്താൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : പാറയുള്ള പകരം സ്ഥലം കൊടുക്കുന്ന ഒരു നയം മുൻപുണ്ടായിരുന്നു. അതനുസരിച്ച് അപേക്ഷിച്ചിട്ടുള്ളവർ, കിട്ടിയ നല്ല സ്ഥലത്തു് തൈകളം വച്ചുപിടിപ്പിച്ചു. പാറയുള്ള സ്ഥലത്തു് തൈകൾവച്ചു പിടിപ്പിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് ലോൺ കിട്ടാനും നിവൃത്തിയില്ല, വച്ചു തൈകളുടെ അനുഭവം എടുക്കാനും വയ്യാത്ത ഒരു നിലയിൽ സ്ഥലം മടക്കിത്തരണമെന്നാണോ പറയുന്നതു്?

ശ്രീ. ഈ. പി. പൗലോസു്: പാറയുള്ള പകരം ഭൂമി കൊടുക്കുന്ന ഒരു നയമില്ലായിരുന്നു. അങ്ങനെ പകരം ഭൂമി കൊടുത്തതു നിയമാനുസൃതമല്ലെന്നു കണ്ടു് തിരിയെ എടുപ്പിക്കാൻ നിർദ്ദേശിച്ചിരിക്കുകയാണു്.

ശ്രീ. എം. എം. മത്തായി: റബ്ബർ പ്ലാന്റേഷനു ഭൂമി വാങ്ങിയിട്ടുള്ളവർ അവിടെത്തന്നെ താമസിക്കണമെന്നു നിർബ്ബന്ധമുണ്ടോ? കൃഷിക്കുതന്നെ പണം തികയാതെ, സ്വന്തമായി വീടുവയ്ക്കാൻ സാധിക്കുമോ? അങ്ങനെയുള്ളവർക്കു് വീടുവയ്ക്കുന്നതിനും, മലയോരപ്രദേശങ്ങളിൽ മണ്ണൊലിപ്പു മൂലം കൃഷി നാശം സംഭവിക്കാതിരിക്കാൻ കയ്യാല കെട്ടുന്നതിനും ആവശ്യമായ ധനസഹായംകൂടി ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ഈ പി. പൗലോസു്: ഇതിനു മുൻപു ഇതിനെപ്പറ്റി പറഞ്ഞിട്ടുള്ളതാണു്. ഒരേക്കറിനു് 750 രൂപാ വീതം കൊടുത്താൽ, ഫലപ്രദമായി കൃഷി നടത്താവുന്നതാണു്. ടെമ്പററി ഷെഡ്ഡുകളും കെട്ടിയാണു് ജോലി ചെയ്യുന്നതു്. അതിനു കഴിവുള്ളവർ അതു ചെയ്തുകൊള്ളും. അവിടെ പക്കാ വീടുവയ്ക്കാനും, മറ്റും കൂടുതൽ പണം അനുവദിക്കാൻ തുടങ്ങിയാൽ ബുദ്ധിമുട്ടാകും. മാത്രമല്ല, രണ്ടുകൊല്ലം കഴിയുമ്പോൾ ഈ തുക തിരിയെ കൊടുക്കേണ്ടിവരും.

ശ്രീ. ഒ. കോരൻ: റബ്ബർ പ്ലാന്റേഷൻ രംഗത്തു് സഹകരണ സംഘങ്ങളും ഉണ്ടാക്കുന്ന കാര്യം എത്രത്തോളമായി?

ശ്രീ. ഈ. പി. പൗലോസു്: അങ്ങനെ ഒരു സ്കീം ഉണ്ടായിരുന്നു. പ്ലാന്റേഷൻ അസോസിയേഷൻ സഹകരണസംഘങ്ങളും രൂപവൽക്കരിക്കാൻ ശ്രമിക്കുന്നുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ: അനുവദിച്ചു കിട്ടിയിട്ടുള്ള സ്ഥലം കുറെ പാറയാണെങ്കിൽ, ലോൺ കിട്ടുന്നതിനുള്ള മിനിമം നമ്പർ തൈകളം വയ്ക്കാൻ സാധിക്കാതെ വരുന്നുണ്ടു്. അങ്ങനെയുള്ള കേസുകളം പരിശോധിച്ചു് അവർക്കു് എന്തെങ്കിലും സൗജന്യം ചെയ്തുകൊടുക്കുമോ?

ശ്രീ. ഈ. പി. പൗലോസു്: നല്ലവണ്ണം പരിശോധിച്ചിട്ടു്, മൂന്നര ഏക്കറിൽ ഒരേക്കറോളം വെറും പാറയാണെന്നു കണ്ടാൽ തീർച്ചയായിട്ടും എന്തെങ്കിലും സൗജന്യം അനുവദിക്കാൻ കഴിയും.

ശ്രീ. എൻ. രാഘവൻ നായർ: റബ്ബർ പ്ലാന്റേഷൻ സ്കീം അനുസരിച്ചു് ലോൺ കിട്ടുന്നതിനു് പ്രത്യേക കൈമടക്കു കൊടുത്താൽ മാത്രമേ സാധ്യതയുള്ളു എന്നു പരാതിയുണ്ടു്. യഥാസമയത്തു് ലോൺ കിട്ടാൻ വേണ്ട നടപടി നടത്തുമോ?

ശ്രീ. ഈ. പി. പൗലോസു്: അതിനു വേണ്ട കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ചട്ടങ്ങൾക്കു് വിധേയമായി ഭൂമി വാങ്ങിയാൽ പാറയുള്ള പകരം വസ്തുകൊടുക്കാൻ ചട്ടമില്ലെന്നു്. അങ്ങനെ പാറയുള്ള പകരം ഭൂമി ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ? ചിലർക്കുമാത്രം അങ്ങനെ കൊടുത്തിട്ടുള്ളതായും, മറ്റുള്ളവർക്കു് ആ ആനുകൂല്യം നിഷേധിച്ചതായും അറിയുന്നതു് ശരിയാണോ?

ശ്രീ. ഈ. പി. പൗലോസു്: ഒരേമനസ്സോടെയാണു്. ചിലർക്കു് ആദ്യം പകരം ഭൂമി കൊടുത്തതു്, ചട്ടപ്രകാരമല്ലെന്നു കണ്ടു് തിരിയെ എടുപ്പിക്കാൻ നിർദ്ദേശിച്ചിരിക്കുകയാണു്.